ഒരു പ്രവൃത്തി റദ്ദാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	റോഡിന്റെ പേര്	ഭരണാനുമതി തുക (ലക്ഷത്തിൽ)
1	കണ്ണത്തുശ്ശേരി പി.ഡബ്ല്യു.ഡി. റോഡ് മുതൽ മുട്ടേൽ പാലം വരെയുള്ള റോഡ്	70.00

(സി) പ്രവൃത്തിക്കുള്ള ടെണ്ടർ എക്സസ് പ്രൊപ്പോസലുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

അർത്തുങ്കൽ ഫിഷിംഗ് ഹാർബർ

188 (196) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഈ സർക്കാരിന്റെ കാലയളവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ നിർമ്മാണ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക എത്രയാണെന്നും ഇതിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഹാർബറിന്റെ നിർമ്മാണത്തിന് നേരിട്ടിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അർത്തുങ്കൽ ഫിഷിംഗ് ഹാർബർ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 4939 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും, തുടർന്ന് 4500 ലക്ഷം രൂപയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം വാർഫ്, ഓക്ഷൻ ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയാ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയാ എന്നീ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാങ്കേതികാനുമതിനൽകി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. സൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയിനേജ് 370 മീറ്റർ വരെയും, നോർത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം ചെയിനേജ് 140 മീറ്റർ മുതൽ ചെയിനേജ് 290 മീറ്റർ വരെയും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ 3128.15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2132.87 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്. ടി പദ്ധതിക്കായി കേന്ദ്ര വിഹിതമായി 1050 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികളിലെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾനടന്നു. വരവേ പുലിമുട്ടുകളുടെ അലൈൻമെന്റിൽ അപ്രതീക്ഷിതമായ സിങ്കേജുകൾ കാണപ്പെട്ടതിനെ തുടർന്ന് 25-10-2014 മുതൽ പ്രവൃത്തി നിർത്തി വച്ചിരിക്കുകയായിരുന്നു. മാതൃകാ പഠനം നടത്തിയ ഐ.ഐ.റ്റി. ചെന്നൈയിലെ വിദഗ്ധരുടെ ടെക്നിക്കൽ സൊല്യൂഷന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ 13-10-2015-ൽ പുനരാരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 13-10-2015-ൽ തെക്കേ പുലിമുട്ടിലുണ്ടായ സിങ്കേജ്മൂലം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മറുപടി ലഭ്യമായാലുടൻ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(ഡി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ വികസനം

189 (197) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) മണ്ഡലത്തിലാകെ ഈയിനത്തിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിച്ചവയുടെയും പ്രവൃത്തി പൂർത്തിയാക്കിയവയുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നാട്ടിക നിയോജകമണ്ഡലത്തിലെ ഒൻപത് റോഡുകൾക്കായി 160.05 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly